Talented Bankers Literary Panel
പുസ്തക പരിചയം 154

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
കഞ്ഞികുഴി (ആലപ്പുഴ) ശാഖ.

ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം.
അക്കിത്തം

1958 ൽ ആദ്യപതിപ്പായി പുറത്തിറങ്ങിയ
പുസ്തകത്തിൻറെ പഴമണമുള്ള ഒരു കോപ്പിയാണ് ഗുരുനാഥൻ എനിക്കു തന്നത്.

ഏറ്റുവാങ്ങി തുറന്നപ്പോളത്
പൊടിഞ്ഞു തുടങ്ങി,
കീറിത്തുടങ്ങി; ഉള്ളിലും പുറത്തും.

അതിനുള്ളിൽ സുഖസുഷുപ്തിയിലായിരുന്ന അക്ഷരങ്ങൾ
ഞെട്ടിയെഴുന്നേറ്റെന്നെ നോക്കി.

തുടർന്ന് തൊലിപ്പുറത്തുള്ള ഒരു ശസ്ത്രക്രിയയിലൂടെ ഞാനതിനെ
തുന്നിച്ചേർത്തു.

ഇതുപോലെ നമ്മൾ തുന്നിക്കെട്ടി വെച്ചിരിക്കുകയാണ്,
സ്നേഹത്തെ
പ്രണയത്തെ
മാനവികതയെ
സംസ്കൃതിയെ
രാജ്യത്തെ
വിശ്വത്തെ

ഒരായിരം പിന്നുകളാലും ടേപ്പുകളാലും .

'അറിഞ്ഞീലിത്രനാളും ഞാ-
നി ദിവ്യപുളകോദ്ഗമം,
ആ മഹാനഷ്ടമോർത്തു
കുലുങ്ങിക്കരയുന്നു ഞാൻ'

എന്നിപ്പുസ്തകത്തിൻറെ ആമുഖത്തിൽ മഹാകവി എഴുതിയിരിക്കുന്നു.

62 വർഷങ്ങൾക്കിപ്പുറം

നാം അതേ മാനസികാവസ്ഥയിലൂടെ കടന്നുപോകുന്നു

മറ്റുള്ളവർക്കായി പൊഴിക്കാൻ കണ്ണീർക്കണങ്ങൾ ഇല്ലാതായിരിക്കുന്നു

കണ്ണുകൾ രൂപാന്തരപ്പെട്ട് കയങ്ങളായിരിക്കുന്നു.

'പല ദിവസവും ഏകാന്ത രാത്രികളിൽ നിർജ്ജനങ്ങളായ മൂലകളിൽ വച്ചു
ഞാൻ അന്തരാത്മാവിൻറെ ഇരുണ്ടയഗാധതയിലേക്കു ചുഴിഞ്ഞിറങ്ങി
തേങ്ങിത്തേങ്ങിക്കരഞ്ഞു.'
എന്ന അക്കിത്തത്തിന്റ ആത്മഭാഷണം കാലത്തിന്റെ ചുമരുകളിൽ തട്ടി
പ്രതിധ്വനിച്ചു കൊണ്ടിരിക്കുന്നുണ്ട്.

കവിയാണ് യശ:ശരീരനായ് തീരുക; കവിതയല്ല.
അതു കാലാതിവർത്തിയായി പൂത്തുനിൽക്കും.
അനുവാചകരും അവാർഡ് കമ്മിറ്റിക്കാരും നിരൂപകരും വിദൂഷകരും
ഒരുപോലെ
ആ കവിളുകളിൽ ചുംബിച്ചു കൊണ്ടേയിരിക്കും.

വിമർശനങ്ങളുടെ പേമാരിയിലും
അത് വിശ്വമാനവികതയുടെ സൗരഭ്യം പരത്തും ,പരിലസിക്കും !

'ചിരിക്കുന്ന മനുഷ്യന്റെ
മറക്കാനുള്ള ശക്തിയെ
കരയുന്ന മനുഷ്യന്റെ
സഹജീവാനുകമ്പയെ'
സ്തുതിക്കുന്നതോടൊപ്പം,

'സ്രഷ്ടാവല്ലവയാൽ പക്ഷേ
തണുപ്പാറ്റുന്നതെന്നു ഞാൻ
അറിഞ്ഞ ദിവസം കാള
രാവായെന്നുടെ ജീവിതം'
എന്നു തപിക്കും.

'വെളിച്ചം ദുഃഖമാണുണ്ണീ
തമസ്സല്ലോ സുഖപ്രദം'
എന്ന് ശപിക്കും.

'തോക്കിനും വാളിനും വേണ്ടി
ചെലവിട്ടോരിരുമ്പുകൾ
ഉരുക്കി വാർത്തെടുക്കാവൂ
ബലമുള്ള കപ്പലുകൾ'
എന്നു കണ്ണു തുറപ്പിക്കും.

'നീ നിന്റെ വിളക്കാവുക'
എന്ന ബുദ്ധോപദേശം പിന്തുടർന്ന് ഹൃദയത്തിലേക്ക് നോക്കിയെഴുതിയത് കൊണ്ടാകും,

'നിരത്തിൽ കാക്ക കൊത്തുന്നു
ചത്ത പെണ്ണിന്റെ കണ്ണുകൾ ,
മുല ചപ്പി വലിക്കുന്നു
നര വർഗ നവാതിഥി ,
എന്ന വരികൾ കവിയുടെ കണ്ണിൽ ഉറഞ്ഞുകൂടി കവിതയായി
പുറത്തേക്ക് ഒഴുകുന്നു;
നിസ്തന്ദ്രം, നിർവിരാമം!

അനാചാരങ്ങളുടെ പൂണൂലുകൾ പൊട്ടിച്ചെറിഞ്ഞ്
കാളിദാസൻ മുതൽ കാൾ മാർക്സിനെ വരെ വായിച്ചറിഞ്ഞ്,
ഇടശ്ശേരിക്കും വീട്ടിക്കും സർവ്വാത്മനാ കീഴ്പ്പെട്ട്,
വ്രതശുദ്ധിയിൽ വാക്കുകളെ ജനിപ്പിച്ചത് കൊണ്ടാവണം,
'എനിക്കു മാനഹാനിക്കായില്ല
കാരണമൊന്നുമേ
ക്ഷമയാചിക്കുന്നതെന്നെ
പെറ്റ ഭൂമിയോടല്ലീ ഞാൻ'

എന്ന് ചൊല്ലിക്കൊണ്ട് സ്നേഹദീപം കൊളുത്താൻ അദ്ദേഹത്തിന് സാധിച്ചത്

ഈ പഴയ പുസ്തകം ഇനിയും ചിതലുകൾ ഭക്ഷിച്ചേക്കാം .പക്ഷേ ഈ വരികളെ ലയിപ്പിക്കാൻ അവർക്കാവില്ല തന്നെ.

എന്തുകൊണ്ടെന്നാൽ ,
'എന്റെ വേർപ്പിൽ സമുദ്രത്താൽ
ചൂഴപ്പെട്ടവനാണു ഞാൻ,
ഞാനിതിൽ താണു പോയാലും നിലനിൽക്കുമിതക്ഷയം'.

അതെ!
അക്ഷയം നിലനിൽക്കട്ടെ ആ ദിവ്യാക്ഷരങ്ങൾ ഓരോന്നും.!.